ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ-ജയിലാസ്ഥാനകാര്യാലയം-ജീവനക്കാര്യം-ശ്രീമതി.ഷൈല ബീവി.എസ്, ജൂനിയർ സൂപ്രണ്ട്, ജയിലാസ്ഥാനകാര്യാലയം-വെൽഫയർ ഓഫീസർ ഗ്രേഡ്-2 തസ്തികയിൽ തസ്തികമാറ്റം മുഖേന നിയമിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.30.11.2021 തീയതിയിലെ ഇതേ നമ്പർ നോട്ടിഫിക്കേഷൻ
2.31.12.2021 തീയതിയിലെ ഇതേ നമ്പർ കത്ത്
3.23.04.2022 തീയതിയിലെ ബി3/13/2022/ആഭ്യന്തരം നമ്പർ സർക്കാർ കത്ത്
4.06/12/2017 തീയതിയിലെ ബി3/55/2017/ആഭ്യന്തരം നമ്പർ കത്ത്.
5.03.12.2021 തീയതിയിൽ ശ്രീമതി.ഷൈല ബീവി സമർപ്പിച്ച അപേക്ഷ

**ഉത്തരവ് നമ്പർ. E1-19161/2017/PrHQ; തീയതി : 10-05-2022**

ജയിൽ വകുപ്പിലെ വെൽഫയർ ഓഫീസർ ഗ്രേഡ്-2 തസ്തികയിലേക്ക് തസ്തികമാറ്റം മുഖേന നിയമനം നടത്തേണ്ട നിലവിലുള്ള ഒരു ഒഴിവിലേക്ക് നിയമനം നടത്തുന്നതിന് പരാമർശം (1)ലെ നോട്ടിഫിക്കേഷൻ മുഖാന്തിരം അപേക്ഷ ക്ഷണിക്കുകയുണ്ടായി. പ്രസ്തുത നോട്ടിഫിക്കേഷൻ പ്രകാരം നിശ്ചിത തീയതിയ്ക്കുള്ളിൽ മിനിസ്റ്റീരിയിൽ വിഭാഗത്തിൽ നിന്നും 3 അപേക്ഷകൾ ലഭിച്ചിരുന്നു. എക്സിക്യൂട്ടീവ് വിഭാഗത്തിൽ നിന്നും അപേക്ഷകളൊന്നും തന്നെ ലഭിച്ചിരുന്നില്ല.

നിലവിൽ വെൽഫയർ ഓഫീസർ ഗ്രേഡ്-2 തസ്തികയിൽ തസ്തികമാറ്റം മുഖേന എക്സിക്യൂട്ടീവ് വിഭാഗത്തിൽ നിന്നും രണ്ട് ഉദ്യോഗസ്ഥരും മിനിസ്റ്റീരിയിൽ വിഭാഗത്തിൽ നിന്നും മൂന്ന് ഉദ്യോഗസ്ഥരും ജോലി ചെയ്തുവരുന്നു. വെൽഫയർ ഓഫീസർ ഗ്രേഡ്-2 തസ്തികയിലേക്ക് തസ്തികമാറ്റം മുഖേന നിയമനം ലഭിക്കുവാൻ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം ടി ഒഴിവ് 3:2 റേഷ്യോയുടെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് വിഭാഗത്തിനാണ് അർഹതപ്പെട്ടിട്ടുള്ളത്. എന്നാൽ ലഭിച്ച അപേക്ഷകരിൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ നിന്നുള്ള അപേക്ഷകരില്ലാത്തതിനാൽ ടി ഒഴിവ് എപ്രകാരം നികത്തണമെന്നത് സംബന്ധിച്ച് വ്യക്തതയ്ക്കായി പരാമർശം (2) പ്രകാരം സർക്കാരിലേക്ക് അപേക്ഷിച്ചിരുന്നു.

പരാമർശം (3) ലെ കത്ത് പ്രകാരം വെൽഫയർ ഓഫീസർ ഗ്രേഡ്-2 തസ്തികയിലെ ബൈട്രാൻസ്ഫർ നിയമനത്തിനായി നിലവിലുള്ള ഒഴിവിലേക്ക് എക്സിക്യൂട്ടീവ് വിഭാഗത്തിൽ നിന്നും നിലവിൽ അർഹരായ അപേക്ഷകരില്ലാത്ത സാഹചര്യത്തിൽ, ഭരണപരമായ സാഹചര്യം കണക്കിലെടുത്ത് ടി ഒഴിവ് അർഹരായ മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്നും നികത്താവുന്നതാണെന്ന് സർക്കാർ അറിയിച്ചിരിക്കുന്നു.

പരാമർശം (4) ലെ കത്ത് പ്രകാരം വെൽഫയർ ഓഫീസർ ഗ്രേഡ്-2 തസ്തികയിൽ തസ്തികമാറ്റം മുഖേനയുള്ള നിയമനം വകുപ്പ് തലത്തിൽ തന്നെ നടത്താവുന്നതാണെന്ന് സർക്കാർ അറിയിച്ചിട്ടുണ്ട്.

മിനിസ്റ്റീരിയിൽ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച അപേക്ഷകളിൽ സീനിയർ ആയിട്ടുള്ളത് പരാമർശം (5)പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്ന ജൂനിയർ സൂപ്രണ്ട് ശ്രീമതി.ഷൈല ബീവി.എസ് ആണ്.

പ്രസ്തുത സാഹചര്യത്തിൽ പരാമർശം (3), (4) എന്നീ സർക്കാർ കത്തുകളുടെ

അടിസ്ഥാനത്തിൽ, ശ്രീമതി.ഷൈല ബീവി.എസ്-നെ വെൽഫയർ ഓഫീസർ ഗ്രേഡ്-2 തസ്തികയിൽ 55,200-1,15,300/- എന്ന ശമ്പള സ്കെയിലിൽ തസ്തികമാറ്റം മുഖേന നിയമനം നൽകി തിരുവനന്തപുരം വനിത ജയിൽ & കറക്ഷണൽ ഹോമിലെ വെൽഫയർ ഓഫീസർ തസ്തികയിലെ നിലവിലെ ഒഴിവിൽ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മിനിസ്റ്റീരിയൽ വിഭാഗത്തിന് വിശേഷാൽ ചട്ടത്തിലെ വ്യവസ്ഥയിൽ നിന്നും അധികമായി നൽകുന്ന നിയമനം, പിന്നീട് നിയമാനുസൃതമായി ഭാവിയിൽ എക്സിക്യൂട്ടീവ് വിഭാഗത്തിന് അർഹതയുള്ള നിയമനങ്ങളായി കണക്കാക്കി നൽകേണ്ടതാണ്.

ടി ഉദ്യോഗസ്ഥയുടെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷത്തെ സേവനമാണ്.

ഉത്തരവ് നടപ്പിലാക്കി വിവരം അറിയിക്കേണ്ടതാണ്.

സുദേഷ് കുമാർ ഐ പി എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: 01) ശ്രീമതി.ഷൈല ബീവി.എസ്
ജൂനിയർ സൂപ്രണ്ട്
ജയിലാസ്ഥാനകാര്യാലയം [അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുഖാന്തിരം]
02) സൂപ്രണ്ട്
വനിത ജയിൽ & കറക്ഷണൽ ഹോം തിരുവനന്തപുരം

പകർപ്പ് : 1) The Accountant General (A&E) Kerala, Thiruvananthapuram
2) ഡി.ഐ.ജി(പ്രിസൺസ്), ഉത്തരമേഖല/മദ്ധ്യമേഖല/ദക്ഷിണമേഖല
3) സൂപ്രണ്ട്, സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം തിരുവനന്തപുരം
4) ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും
5) വെബ് സൈറ്റ്